(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസിനുവേണ്ടി എന്തു തുക നീക്കി വച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ മെയിൻറനൻസ് പണിയാണ് നടത്താനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പുനരുദ്ധാരണ നടപടികൾ ചെയ്യുന്നതാണ്.

(സി) ഒരു ലക്ഷം രൂപ.

(ഡി) 103.

മുദാക്കൽ പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസ്

800 [968] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡുകളുടെ മെയിൻറനൻസിനുവേണ്ടി എന്ത് തുക നീക്കിവെച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് പണിയാണ് നടത്താനുള്ളത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി അനുസരിച്ച് കഴിവതും വേഗം നടപടി സ്വീകരിക്കുന്നതാണ്.

(സി) 60,000 രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) 15 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly